ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). രണ്ട് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് മൊറീഷ്യസിൽ ; മൗറീഷ്യസ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും.

External Affairs Minister Dr. S. Jaishankar will undertake an official visit to the Mauritius from 16th to the 17th of this month. During the visit, the Minister will call on Prime Minister of Mauritius Pravind Jugnauth.

2). കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു ; വിവിധയിടങ്ങളിൽ വ്യാപക നാശനഷ്ടം ; ഇന്ന് 5 ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

Heavy rain continues in Kerala; Widespread damage in various places; Orange alert in 5 districts today.

3). രാജ്യത്തെ ചരക്കുസേവന കയറ്റുമതിയിൽ വർദ്ധന ; ജൂണിൽ 65 ബില്ല്യൺ ഡോളറിൻ്റെ കയറ്റുമതി.

India’s goods and services exports increased by 5.4 per cent in June to 65.47 billion dollars.

4). യു.എസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥിയായി ഡൊണൾഡ് ട്രംപിനെ പ്രഖ്യാപിച്ചു ; ജെ.ഡി. വാൻസ് വൈസ് പ്രസിഡൻറ് സ്ഥാനാർത്ഥി.

Former US President and putative Republican nominee for White House, Donald Trump has named JD Vance, a first-time senator from Ohio, as his nominee for Vice President.

5). സ്വീഡിഷ് ഓപ്പൺ ടെന്നീസിൽ ഇന്ത്യയുടെ സുമിത് നാഗൽ ഇന്നിറങ്ങും.

In Swedish Open tennis, India's Sumit Nagal will take in the Men's singles and Men's double's clash.

===================================

**JAISHANKAR-MAURITIUS**

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് മൊറീഷ്യസിൽ. സന്ദർശന വേളയിൽ , മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നൗത്തിനെ അദ്ദേഹം സന്ദർശിക്കും. മറ്റ് മുതിർന്ന മന്ത്രിമാരുമായും പ്രമുഖ നേതാക്കളുമായും അദ്ദേഹം ആശയവിനിമയം നടത്തും. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും, വിവിധ വശങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനും ഇരുപക്ഷത്തിനും ഈ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

====================================

**CIVIL AVIATION- CONFERENCE**

വിമാനയാത്ര കൂടുതൽ പ്രാപ്യവും താങ്ങാനാവുന്നതുമാക്കുക എന്നത് കേന്ദ്ര സർക്കാരിൻ്റെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് കേന്ദ്ര മന്ത്രി കിഞ്ജരാപു റാം മോഹൻ നായിഡു. ന്യൂഡൽഹിയിൽ, രണ്ടാം ഏഷ്യാ പസഫിക് മന്ത്രിതല സമ്മേളനത്തിന് മുന്നോടിയായി നടന്ന പരിപാടിയിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. വ്യോമയാന മേഖലയുടെ ഭാവി, സുസ്ഥിര വികസനത്തിൽ അധിഷ്ഠിതമായിരിക്കണമെന്ന് പറഞ്ഞ കേന്ദ്രമന്ത്രി, രാജ്യത്തെ സിവിൽ ഏവിയേഷൻ രംഗത്ത് ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കാൻ കേന്ദ്രസർക്കാർ സ്വീകരിച്ച ശ്രമങ്ങൾ ചൂണ്ടിക്കാട്ടി. പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകളിലൂടെയും ഹരിത സാങ്കേതിക വിദ്യകളിലെ നിക്ഷേപത്തിലൂടെയും വ്യോമയാന മേഖലയ്ക്ക് പുതിയ മാനങ്ങൾ നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. രണ്ടാം ഏഷ്യാ പസഫിക് മന്ത്രിതല സമ്മേളനം ഈ വർഷം സെപ്റ്റംബർ 11, 12 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കും.

====================================

**IGST- AIRCRAFT**

എല്ലാ വിമാനങ്ങൾക്കും, വിമാനങ്ങളുടെ എഞ്ചിൻ ഭാഗങ്ങൾക്കും അഞ്ച് ശതമാനം ഏകീകൃത ഐജിഎസ് ടി നിരക്ക് നടപ്പിലാക്കി കേന്ദ്ര സർക്കാർ. വ്യത്യസ്ത ജിഎസ്ടി നിരക്കുകൾ വെല്ലുവിളികൾ സൃഷ്ടിച്ചതായി സിവിൽ ഏവിയേഷൻ മന്ത്രി കിഞ്ജരാപു രാംമോഹൻ നായിഡു പറഞ്ഞു. പുതിയ നയം ഈ അസമത്വം ഇല്ലാതാക്കുമെന്നും നികുതി ഘടന ലളിതമാക്കുമെന്നും മേഖലയിലെ സുസ്ഥിര വളർച്ചയെ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. ശക്തവും കാര്യക്ഷമവുമായ വ്യോമയാന മേഖല സൃഷ്ടിക്കാനും നിക്ഷേപം ആകർഷിക്കുന്നതിനും ഈ നീക്കത്തിലൂടെ കഴിയുമെന്ന് പ്രത്യാശിക്കുന്നതായി വ്യോമയാന മന്ത്രാലയം അറിയിച്ചു.

===================================

**ICAR-FOUNDATION DAY**

ദേശീയ കാർഷിക ഗവേഷണ കൗൺസിലിൻറെ സ്ഥാപകദിനാഘോഷത്തിൻറെ ഉദ്ഘാടനം കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും. കേന്ദ്ര മന്ത്രിമാരായ ഭഗീരഥ് ചൗധരിയും രാം നാഥ് ഠാക്കൂറും പങ്കെടുക്കും. രണ്ട് ദിവസം നീളുന്ന പരിപാടിയുടെ ആദ്യ ദിനം കൃഷിയെക്കുറിച്ചും അനുബന്ധ സാങ്കേതികവിദ്യകളെക്കുറിച്ചും മനസിലാക്കുന്നതിന് സ്കൂൾ വിദ്യാർഥികൾക്ക് അവസരം ഒരുക്കും.

===================================

**HM-NCORD AMIT SHAH**

ന്യൂഡൽഹിയിൽ മറ്റന്നാൾ നടക്കുന്ന നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ ഏഴാമത് ഉന്നതതല യോഗത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. മയക്കുമരുന്ന് കടത്തും ദുരുപയോഗവും തടയുന്ന വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും യോഗം ഊന്നൽ നൽകുമെന്ന്

ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ദേശീയ ലഹരി പദാർത്ഥ വിരുദ്ധ കേന്ദ്രത്തിന്റെ ഹെൽപ്പ് ലൈൻ- മാനസിന് അദ്ദേഹം തുടക്കമിടും.

====================================

**RAIN KERALA**

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവുമുണ്ട്. ശക്തമായ മഴയിൽ വിവിധ ജില്ലകളിൽ വ്യാപക മഴക്കെടുതി റിപ്പോർട്ട് ചെയ്തു. കണ്ണൂർ ജില്ലയിൽ ശക്തമായ കാറ്റിൽ മരം കടപുഴകി വീണ് നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. കക്കാട് പുഴ കരകവിഞ്ഞതിനെ തുടർന്ന് പള്ളിപ്രം റോഡിൽ ഗതാഗതം ഭാഗികമായി തടസ്സപ്പെട്ടു. മട്ടന്നൂരിൽ വീടിനടുത്തെ വെള്ളക്കെട്ടിൽ വീണ് ഒരു സ്ത്രീ മരിച്ചു. മഴ തുടരുന്നതിനാൽ മാഹി മേഖലയിലെ സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കോഴിക്കോട് കക്കാടംപൊയിൽ റോഡിന് സമീപം മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. താമരശ്ശേരി ചുരത്തിലും മരം വീണ് ഗതാഗത തടസ്സമുണ്ടായി. കോട്ടയത്തും പരിസര പ്രദേശങ്ങളിലും കാറ്റിലും മഴയിലും വ്യാപക നാശനഷ്ടം റിപ്പോർട്ട് ചെയ്തു. മൂന്നാർ ഗ്യാപ് റോഡിൽ മണ്ണിടിച്ചിലുണ്ടായി. എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിൽ പെയ്ത ശക്തമായ മഴയിൽ കുട്ടമ്പുഴ പഞ്ചായത്തിലും നാശനഷ്ടമുണ്ടായി. പെരിയാറിൽ ജലനിരപ്പ് ഉയർന്നതോടെ ആലുവ ശിവക്ഷേത്രത്തിൽ വെള്ളം കയറി. മോശം കാലാവസ്ഥ തുടരുന്നതിനാൽ കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ

തീരങ്ങളിൽ ഇന്ന് രാത്രി 8.30 വരെ ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ട്.

==================================

## IDUKKI– (INTRO)

ഇടുക്കിയിൽ ഇന്നലെ രാവിലെ മുതൽ തുടങ്ങിയ മഴ ഇടവിട്ട് രാത്രിയിലും തുടർന്നു. ജില്ലയുടെ വിവിധയിടങ്ങളിൽ മണ്ണിടിച്ചിലും മരം വീഴ്ച്ചയും ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളുണ്ടായി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....

(വോയിസ്.........)

==================================

## INDIA – EXPORTS

രാജ്യത്തെ ചരക്ക് സേവന കയറ്റുമതി 5.4 ശതമാനം വർധിച്ച് 65.47 ബില്യൺ ഡോളറിലെത്തി. വാണിജ്യ വ്യവസായ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം ഈ വർഷം ഏപ്രിൽ – ജൂൺ പാദത്തിൽ കയറ്റുമതിയുടെ മൊത്തത്തിലുള്ള വളർച്ച 8.6 ശതമാനം ഉയർന്ന് 200.33 ബില്യൺ ഡോളറിലെത്തി. കഴിഞ്ഞ വർഷം ജൂണിലെ 34.32 ബില്യൺ ഡോളർ ചരക്ക് കയറ്റുമതി, ഈ വര്ഷം ഇതേ കാലയളവിൽ 35.20 ബില്യൺ ഡോളറായി ഉയർന്നു. എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, മരുന്നുകൾ & ഫാർമസ്യൂട്ടിക്കൽസ്, കോഫി, ഓർഗാനിക്, അജൈവ രാസവസ്തുക്കൾ എന്നിവയാണ് രാജ്യത്തെ പ്രധാന ചരക്ക് കയറ്റുമതി വസ്തുക്കൾ.

==================================

## AMICUSCURIAE

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് അപകടത്തിൽ അമിക്കസ് ക്യൂറിയെ നിയോഗിച്ച് ഹൈക്കോടതി. അപകട സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും കോടതി നിർദേശം നൽകി. തിരുവനന്തപുരം നഗരസഭയും, റെയിൽവേയും പരസ്പരം പഴിചാരാനുള്ള സമയമല്ല ഇതെന്നും കോടതി നിരീക്ഷിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ

അഴുക്കുചാലുകളിലേക്ക് വലിച്ചെറിയുന്നത് തടയാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് നഗരസഭയ്ക്ക് നിർദേശം നൽകിയ കോടതി, റെയിൽവേയുടെ സ്ഥലത്തുള്ള മാലിന്യങ്ങൾ റെയിൽവേ തന്നെ നീക്കം ചെയ്യണമെന്നും നിർദേശിച്ചു.

====================================

## RAMAYANA MONTH

ഇന്ന് കർക്കടകം ഒന്ന്. കേരളത്തിൽ രാമായണ മാസാചാരണത്തിന് തുടക്കമായി. വീടുകളും ക്ഷേത്രങ്ങളും ഇന്നുമുതൽ ഒരു മാസം രാമായണ പാരായണത്താൽ മുഖരിതമാകും. കർക്കടക മാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്നലെ തുറന്നു. തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ ഇന്ന് നടക്കുന്ന ആനയൂട്ടിൻറെ ചടങ്ങുകൾ പുലർച്ചെതന്നെ ആരംഭിച്ചു. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നായി 15 പിടിയാനകളടക്കം 70 -ഓളം ആനകളാണ് ആനയൂട്ടിൽ പങ്കെടുക്കുന്നത്.

====================================

## MUHARAM TOMORROW

കേരളത്തിൽ മുഹറം 10 നാളെ. മാസപ്പിറവി കണ്ടത് പ്രകാരമാണ് മുഹറം 10 നാളെ ആചരിക്കുന്നത്. എന്നാൽ മുഹറം പ്രമാണിച്ച് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതു അവധി ഇന്നുതന്നെയാണ്. അവധി ബുധനാഴ്ചയിലേക്ക് മാറ്റണമെന്ന ആവശ്യം ഉയർന്നെങ്കിലും അതിനുള്ള സാഹചര്യമില്ലെന്ന് സർക്കാർ വിലയിരുത്തി.

====================================

## SUPPLYCO

സപ്ലൈകോയ്ക്ക് വിപണിയിൽ ഇടപെടാനായി സംസ്ഥാന സർക്കാർ നൂറ് കോടി രൂപ അനുവദിച്ചു. ഓണത്തിന് മുന്നോടിയായി വിതരണക്കാരുടെ കുടിശ്ശിക നൽകുന്നത് അടക്കമുള്ള കാര്യങ്ങൾക്കാണ് ഇത്.

====================================

## ONAM VEGETABLE

ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. 13 വിവിധ ഇനങ്ങളിലുള്ള പച്ചക്കറികൾ സെക്രട്ടേറിയറ്റ് അങ്കണത്തിൽ കൃഷി ചെയ്യും. ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളിലൂടെയും വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യും.

===================================

## REV. TRUMP - VP NOMINEE

യു.എസ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മുൻ പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപിനെ പ്രഖ്യാപിച്ചു. മിൽവാക്കിയിലെ റിപ്പബ്ലിക്കൻ നാഷണൽ കമ്മിറ്റി പ്രതിനിധികളിൽ നിന്ന് ഭൂരിപക്ഷം നേടിയതോടെയാണ് സ്ഥാനാർഥിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഒഹായോ സെനറ്ററായ ജെ.ഡി വാൻസിനെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായും പ്രഖ്യാപിച്ചു. വരുന്ന നവംബറിലാണ് യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്. കഴിഞ്ഞ ശനിയാഴ്ച റാലിയ്ക്കിടെ ട്രംപിന് വെടിയേറ്റിരുന്നു.

===================================

## US COURT-TRUMP

മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രഹസ്യ രേഖകൾ തെറ്റായി കൈകാര്യം ചെയ്തു എന്നാരോപിച്ചുള്ള കേസ് ഫ്ലോറിഡയിലെ യു. എസ് ജില്ലാ ജഡ്ജി തള്ളി. സർക്കാരിന്റെ കേസിന് നേതൃത്വം നൽകുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചത് ഭരണഘടനാ വിരുദ്ധമാണെന്നും ജഡ്ജി എയ്‌ലിൻ കാനൻ പറഞ്ഞു.

===================================

## SWEDISH OPEN

സ്വീഡിഷ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് പോരാട്ടത്തിൽ ഇന്ത്യയുടെ സുമിത് നാഗൽ , സ്വീഡന്റെ ഏലിയാസ് യീമറിനെ നേരിടും. ഇന്ന് വൈകിട്ട് നടക്കുന്ന പുരുഷ ഡബിൾസിൽ , സുമിത് നാഗൽ- പോളണ്ടിന്റെ കരോൾ ഡ്രെസെവിക്കി

സഖ്യം ഫ്രാൻസിന്റെ അലക്സാണ്ടർ മുള്ളർ-ലൂക്ക വാൻ ആഷെ സഖ്യത്തെ നേരിടും.

===========

===================

====================================